# പറയാൻ കാത്തുവെച്ച വചനങ്ങൾ

മന്ത്രിക്കാനായി അനേകം വചനം ഓർമയിൽ നിന്നു പിടക്കുന്നു,
അശ്വാരൂഢമായ ചിന്തകളിൽ സ്തുതി ഗീതങ്ങൾ കോർത്തതില്ലേ
തരിശുനിലങ്ങളെ പുഷ്പവനമാക്കാൻ വന്നവരാണോ തൊഴിലാളികൾ,
തൊഴിലാളി വർഗ്ഗം അടിവെച്ചുയരുന്നത് അറിഞ്ഞതില്ലേ.
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ.

കം· കാൽ കുളമ്പടി കേട്ട നേരം ദിക്കെല്ലാം കിടിലം കൊള്ളുന്നു
ആത്മവിശ്വാസമാം ആഴക്കടലിൽ മുങ്ങിക്കുളിച്ചവരാണോ അവർ
മുതലാളികൾ ചുട്ടെരിച്ചു കളഞ്ഞ അവർതൻ പുതുകിനാവുകൾ,
ഭയന്നുവിറച്ചു കഴിയുന്നു, ഓരോ നിമിഷവും ജീവിതത്തിൽ
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ.

താഴിട്ടു പൂട്ടിയ മനസ്സിൽ തീജ്ജ്വാലകളായി പടരുന്നിതാ നേരവും,
ഉത്തേജിതമാകുന്നു പ്രകാശവീഥികൾ കാൽപെരുമാറ്റങ്ങൾ കേട്ടതേ,
ഗഗന സാഗരം താണ്ടി പറക്കുന്ന കിളിയെ പോലെയായി ഞാനും
മുഖ:മൂടിധാരികളെ തുരത്തിയോടിക്കാനായി ആരുമില്ലേ?
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

തൊഴിലാളി വർഗ്ഗം കൈകോർക്കുന്നിതാ മുതലാളിമാരെ തുരത്തിടാനായി,
ഒറ്റ ചാലായി മുതലാളി വർഗ്ഗത്തെ കീറിമുറിക്കാനായി അവർ വരുന്നു.
നിരവധി ദുരിതങ്ങൾ താണ്ടിയല്ലോ, ഇനി ഒന്നും താങ്ങാൻ കഴിയത്തില്ലേ
ജീവിതമായ ചെന്താമരക്കുളം ചെളിവെള്ളമാക്കിയവരുമാണേ
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ

ശബ്ദമുയർത്തി അവർ, തങ്ങളുടെ വംശത്തെ കാത്തിടാനായി,
സ്വപ്നങ്ങളാകുന്ന കടലാസുകളിൽ അഴകേറും കവിതകൾ വരച്ചിടുന്നു.
~~ജനാലപാളി~~ കണ്ണു നീക്കി തുറന്നു ഞാൻ നോക്കവേ ഹരിതാഭമാകെ പടർന്നിരുന്നു
മണിവീണ താടി എടുത്തു പാടി, മധുരമാം സ്വരങ്ങൾ വരുന്നതില്ലേ
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ

ജനാലപാളി നീക്കി ഞാൻ നോക്കവേ മുതലാളി വർഗ്ഗം മുന്നിലെത്തി
കവാടം മെല്ലെ തുറന്നു ഞങ്ങൾ കാര്യമെന്തെന്നു തിരക്കിയപ്പോൾ
ക്ഷമാപണം നടത്തി മുതലാളികൾ, ഞങ്ങൾ വിജയിച്ചുവല്ലോ
പേടിച്ചു വരണ്ടു നിന്നിടല്ലേ, പോരാടി, പോരാടി നിന്നിടേണേ!
~~ഇനി~~ ഞാൻ പറയട്ടെ, ഞങ്ങൾ പറഞ്ഞു, അവരും പറയട്ടെ

തോൽവികളിൽ നിന്ന് വിജയത്തിലേക്ക് അടിവെച്ചുയരട്ടെ
ഒത്തു പിടിച്ചാൽ മലയും പോരും, ഒത്തുചേർന്നു നിന്നിടണേ
സ്വാതന്ത്ര്യസ്വപ്നം അതല്ലോ ആഘോഷിക്കുന്നിതാ തൊഴിലാളികൾ ഒന്നടങ്കം
പേടിച്ചു പിൻതിരിയാതെ അഹിംസ ഗുണപാഠമാക്കീടട്ടെ!
ഇനി ഞങ്ങൾ പറയും, അവരും പറയും, ഞാനും പറയും.

തിരുത്തിക്കുറിച്ച ജീവിതത്തിൽ പേമാരിയില്ല; കാറ്റുമില്ലാ
കാലചക്രം അതിവേഗം അതിവേഗം കുതിച്ചുയരുന്നിതാ
അമ്മമഹിക്കെതിരെ തീക്കനൽ വാരി വിതറരുതേ
പൊരുതിടാം ഒന്നിച്ചു ദുഃഖങ്ങളെ, പറയാൻ കാത്തുവെച്ച
വചനങ്ങളെ!